185 (1729) സഹകരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ ഒരു വർഷം ശരാശരി എത്ര ഉദ്യോഗസ്ഥരുടെ ഒഴിവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇപ്പോഴത്തെ സംവരണ വ്യവസ്ഥ അനുസരിച്ച് ഇതിൽ എത്ര ഒഴിവുകൾ പട്ടികജാതിക്കാർക്കും എത്ര ഒഴിവുകൾ പിന്നോക്കവിഭാഗത്തിനുമായി മാറ്റിവയ്ക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഇത്തരത്തിൽ ഒരു കണക്ക് എടുത്തിട്ടില്ല.

(സി) ഒഴിവുകൾ കണക്കാക്കിയിട്ടില്ലാത്തതിനാൽ സംവരണ വ്യവസ്ഥ അനുസരിച്ച് എത്ര ഒഴിവുകൾ മാറ്റിവയ്ക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കാൻ സാധിക്കുകയില്ല.

186 (1730) സംസ്ഥാന സഹകരണ ബാങ്കിലെ ജീവനക്കാരുടെ സ്ഥലംമാറ്റം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിലെ ജീവനക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച് തുടർന്നുവരുന്ന മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണ്;

(ബി) ട്രേഡ് യൂണിയൻ സംഘടനകളുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടോ;

(സി) മാനേജിംഗ് ഡയറക്ടർ ട്രേഡ് യൂണിയൻ സംഘടനകളേയും ഭാരവാഹികളേയും അവഹേളിക്കുന്നതും ആക്ഷേപിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 1997-98, 1998-99 വർഷങ്ങളിൽ എത്ര ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുണ്ട്; ഈ സ്ഥലം മാറ്റങ്ങൾ അംഗീകൃത മാനദണ്ഡങ്ങൾ അനുസരിച്ചാണോ;

(ഇ) സ്ത്രീ ജീവനക്കാരോട് അപമര്യാദയായി എം.ഡി. പെരുമാറുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എം.ഡി. യുടെ മോശമായ പ്രവർത്തനംമൂലം സ്ഥാപനത്തിലെ അച്ചടക്കവും നല്ല പ്രവർത്തനവും തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) മൂന്നുവർഷക്കാലം തുടർച്ചയായി ഒരേ തസ്തികയിൽ തുടരുന്ന ജീവനക്കാരേയും തിരുവനന്തപുരം ജില്ലയ്ക്ക് പുറത്തുള്ള ബ്രാഞ്ചുകളിലെ 5 വർഷം പൂർത്തിയാക്കിയ ജീവനക്കാരേയും സ്ഥലം മാറ്റുന്നതാണ്. ഇതിനുപുറമെ പ്രൊമോഷൻ, പുതിയ തസ്തിക രൂപീകരണം, റിട്ടയർമെന്റ്

LIBRARY ARCHIVES Kerala Legislative Assembly